LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2002-03 അദ്ധ്യയന വർഷം തിരുവനന്തപുരം ജില്ലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒന്നും തന്നെ പുതിയ കോഴ്സുകൾ തുടങ്ങാൻ അനുവാദം നല്കിയിട്ടില്ല. എന്നാൽ യു.ജി.സി.-യുടെ ധനസഹായത്തോടുകൂടി നടത്തുന്നതിനായി ചുവടെ കുറിക്കുന്ന വിധം കോഴ്സുകൾക്ക് അനുവാദം കൊടുത്തിട്ടുള്ളതായി സർവ്വകലാശാല അറിയിക്കുന്നു. പ്രസ്തുത കോഴ്സുകൾക്കുള്ള ധനസഹായം 5 വർഷത്തേക്കായതുകൊണ്ട് ഈ കോഴ്സുകൾക്ക് 3 വർഷം മാത്രമേ പുതിയ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ അനുവാദമുള്ളൂ. ഇവയിൽ 2002-03 അദ്ധ്യയന വർഷത്തിൽ പ്രവേശനം നടത്തി അദ്ധ്യയനം തുടങ്ങിയിട്ടുണ്ട്.

1.	എഫ്.എം.എൻ. കോളേജ്, കൊല്ലം	- ബി.എസ്സി. ബയോടെക്നോളജി
2.	സെന്റ് സേവിയേഴ്സ് കോളേജ്, തുമ്പ	- ബി. എ. ഫംഗ്ഷണൽ ഹിന്ദി
3.	സെന്റ് സ്റ്റീഫൻസ് കോളേജ്, പത്തനാപുരം	- ബി.എസ്സി. ബയോടെക്നോളജി ടെക്നിക്സ് ആന്റ് സ്പെസിമെൻ പ്രിപറേഷൻ
4.	എസ്.എൻ. കോളേജ്, കൊല്ലം	- ബി.എ. മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ
5.	എസ്.എൻ. കോളേജ്, വർക്കല	- ബി.എ. ഫംഗ്ഷണൽ ഹിന്ദി
6.	എസ്. എൻ. കോളേജ് ഫോർ വിമൻ, കൊല്ലം	- ബി.എ. ഫംഗ്ഷണൽ ഇംഗ്ലീഷ്

പൊറത്തുശ്ശേരി ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് എൽ.ഡബ്ല്യു.എ. അനുവദിക്കാൻ നടപടി

133 (3692) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി ശ്രീ വ്യാസാ കോളേജിലെ ക്ലാസ് ഫോർ ജീവനക്കാരനും 1995 മുതൽ 2000 വരെ പൊറത്തുശ്ശേരി ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമായിരുന്ന ശ്രീ. മുകുന്ദന്റെ അപേക്ഷയിൽ ഈ കാലയളവിൽ എൽ.ഡബ്ല്യു.എ. അനുവദിച്ചിരുന്നുവോ ;

(ബി) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വീടുകളുടെ നികുതി നിർണ്ണയിക്കുന്ന ജോലി ചെയ്യേണ്ടിയിരുന്നതിനാൽ മുഴുവൻ സമയപ്രവർത്തകനായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ ഉദ്യോഗസ്ഥന് എൽ.ഡബ്ല്യു.എ. കാലയളവിൽ ഇൻക്രിമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16-2-1999 മുതൽ 31-12-2000 വരെ എൽ.ഡബ്ല്യു.എ. അനുവദിച്ചിരുന്നു.

(ബി) ഇല്ല. മുഴുവൻസമയ പ്രവർത്തകനാണെങ്കിൽപോലും നിലവിലുള്ള നിയമപ്രകാരം മാതൃസ്ഥാപനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് ക്രമപ്പെടുത്താൻ വേതന രഹിത അവധി മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ.

(സി) നിലവിലുള്ള നിയമമനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെ അനുവദിക്കുന്ന ശൂന്യവേതനാവധിക്ക് ഇൻക്രിമെന്റ് അനുവദിക്കാൻ വ്യവസ്ഥയില്ല.

ടെക്നിക്കൽ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം

134 (3695) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഐ.റ്റി അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) നടപ്പിലാക്കിയ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായം ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കിയത് ;

(സി) ഇതിനായി ഒരു സ്കൂളിന് ഗവൺമെന്റ് എത്ര തുക ലഭ്യമാക്കുകയുണ്ടായി ;

(ഡി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി ഏതെല്ലാം ഗവൺമെന്റ് ഹൈസ്കൂളുകളിലാണ് നടപ്പിലാക്കിയത് ;

(ഇ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം ടെക്നിക്കൽ ഹൈസ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുകയുണ്ടായി ;

(എഫ്) ടെക്നിക്കൽ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധിതമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി സംസ്ഥാനത്തെ 538 സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ ധനസഹായത്തോടെയാണ് സ്കൂളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നത്. കൂടാതെ പി.റ്റി.എ. മുഖേനയും കുടുംബശ്രീ മുഖാന്തിരവും മറ്റ് അംഗീകൃത ഏജൻസികൾ മുഖേനയും സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് അംഗീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly